"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ പൂർണ്ണ ചുമതല, തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പി.എ)-യ്ക്ക് നൽകിയ ഗ്രാമ വികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.823/2021/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 31/03/2021.**

പരാമർശം: 1) 02.06.2020-ലെ ഗ്രാമവികസന കമ്മീഷണറുടെ 26/എസ്റ്റാ.എ1/2020/സി.ആർ.ഡി നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 27.10.2020-ലെ 440/എസ്റ്റാ.എ1/2020/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ. എം.എസ്. അനിൽ കുമാർ 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല, തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പി.എ) ആയ ശ്രീമതി ശ്രീശുഭ എസ്-ന് നല്കിക്കൊണ്ട് പരാമർശം 1)-ലെ നടപടിക്രമം പ്രകാരം ഗ്രാമ വികസന കമ്മീഷണർ ഉത്തരവായിരുന്നു. പ്രസ്തുത നടപടി സാധൂകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ശ്രീ. എം.എസ്. അനിൽ കുമാർ 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല, തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പി.എ) ആയ ശ്രീമതി ശ്രീശുഭ എസ്-ന് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവീൻ കൃഷ്ണൻ ജി.ഐ.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി ശ്രീശുഭ എസ്, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പിഎ), തിരുവനന്തപുരം.

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ